(9) നെടുമങ്ങാട് പഴകുറ്റി യൂനുസ് കശുവണ്ടി ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കണമെന്ന്

ശ്രീ. പാലോട് രവി : സർ, നെടുമങ്ങാട് താലൂക്കിലെ ഏറ്റവും പഴയ ഒരു കശുവണ്ടി ഫാക്ടറിയാണ് പഴകുറ്റി യൂനുസ് കശുവണ്ടി ഫാക്ടറി. എഴുന്നൂറിലേറെ സ്ത്രീതൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. മുപ്പത് മുപ്പത്തിയഞ്ച് വർഷം പഴക്കമുള്ളതാണ് ഈ സ്ഥാപനം. ഇപ്പോൾ കഴിഞ്ഞ ഏഴു മാസക്കാലമായി ഈ കശുവണ്ടി ഫാക്ടറി പൂട്ടിയിട്ടിരിക്കുകയാണ്. സർ, തൊഴിലാളികൾ ഉന്നയിച്ച നിസ്സാരമായ കാര്യത്തിന്റെ പേരിലാണ് ഈ സ്ഥാപനം പൂട്ടിയിട്ടിരിക്കുന്നത്. ബൈലാറ്ററൽ ആയിട്ട് ഇത് തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ട്രേഡ് യൂണിയൻ നേതാക്കന്മാരും മാനേജ്മെന്റുമായി ചർച്ച നടത്തി ലേബർ കമ്മീഷനെ സമീപിച്ചു. ഇതുവരെയും ആ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാൻ മാനേജ്മെന്റിന് സാധിച്ചിട്ടില്ല. പത്തെഴുന്നൂറ് കുടുംബങ്ങൾ ആ പ്രദേശത്ത് ആ ഫാക്ടറിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ബഹു. മന്ത്രി നേതൃത്വം ഏറ്റെടുത്ത് ദയവായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, നെടുമങ്ങാടുള്ള പഴകുറ്റി യൂനുസ് കശുവണ്ടി ഫാക്ടറിയിലെ പ്രശ്നം സംബന്ധിച്ച് 22-09-99-ൽ തിരുവനന്തപുരം ജില്ലാ കശുവണ്ടിത്തൊഴിലാളി കോൺഗ്രസ്സ് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർക്ക് പരാതി നൽകുകയുണ്ടായി. തുടർന്ന് ജില്ലാ ലേബർ ഓഫീസർ 28-09-99, 08-10-99, 12-10-99, 16-10-99 എന്നീ ദിവസങ്ങളിൽ മാനേജ്മെന്റിനെയും യൂണിയൻ പ്രതിനിധികളെയും ഉൾപ്പെടുത്തി അനുരഞ്ജന ചർച്ചകൾ നടത്തുകയുണ്ടായി. ഐ.ആർ.സി. തീരുമാനപ്രകാരമുള്ള ആനുകൂല്യങ്ങൾ മാനേജ്മെന്റ് ഇതുവരെ നിഷേധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തൊഴിൽവകുപ്പിന് ഈ പ്രശ്നത്തിൽ ഇടപെടാൻ സാധിക്കുകയില്ല. എന്നാൽ നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളീഡേയ്സ് ആക്ട് പ്രകാരം അത്തരം ദിവസങ്ങളിൽ ജോലി ചെയ്തിട്ടുള്ളതിനാൽ ലഭിക്കേണ്ടതായ അധിക ശമ്പളത്തിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്താൽ അതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് പരിഹാരം കാണാവുന്നതാണെന്ന് ജില്ലാ കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ജില്ലാ സെക്രട്ടറിയെ 25-10-99-ന് കത്തുമൂലം അറിയിച്ചിട്ടുണ്ട്. ഈ പ്രശ്നം അനുരഞ്ജന സംഭാഷണത്തിലൂടെ പരിഹരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ 13-03-2000-ത്തിൽ ഒരു യോഗം വിളിച്ചിട്ടുണ്ട്. വീണ്ടും അതിൽ ഒത്തുതീർപ്പ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇല്ലെങ്കിൽ മറ്റു നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(10) സംസ്ഥാനത്തെ വ്യവസായത്തൊഴിലാളികളുടെ വേരിയബിൾ ഡി.എ. നിശ്ചയിക്കുന്നത് സംബന്ധിച്ച്

ശ്രീ. ബാബു ദിവാകരൻ : സർ, സംസ്ഥാനത്തെ വ്യവസായ തൊഴിലാളികളുടെ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ സംസ്ഥാനത്തെ അനേക ലക്ഷം തൊഴിലാളികളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട കൂലിയെ സംബന്ധിച്ചുള്ള പ്രശ്നമാണ്. 30 വർഷമായി അത് പുതുക്കി നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly